(സി) ഉണ്ട്.

(ഡി & ഇ) മാനവീയം പരിപാടികളിൽ പങ്കെടുത്ത കേരളീയരായ കലാകാരന്മാരുടെ പേരും അവർക്ക് നൽകിയ തുകയും അനുബന്ധമായി ചേർക്കുന്നു.†

സി-ഡിറ്റ് ഒപ്പുവച്ച കരാറുകൾ

33 (2908) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് എന്ന സ്ഥാപനം അതിന്റെ ഏതെങ്കിലും പ്രവർത്തന മേഖലയുമായി ബന്ധപ്പെട്ട് എപ്പോഴെങ്കിലും വിദേശ കമ്പനികളുമായോ, ഏജൻസികളുമായോ വിദേശ സർക്കാരുകളുമായോ ധാരണാ പത്രമോ കരാറോ ഒപ്പുവെച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം നൽകാമോ ;

(സി) പ്രസ്തുത നടപടി സർക്കാർ അനുമതിയോടെ ആയിരുന്നോ ;

(ഡി) ഒപ്പുവച്ച ധാരണാപത്രത്തിന്റെയോ കരാറിന്റെയോ കോപ്പി ലഭ്യമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ സി-ഡിറ്റ് മൈക്രോ സോഫ്റ്റ് കോർപ്പറേഷൻ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത കമ്പനിയുമായി കമ്പ്യൂട്ടർ മേഖലയിലെ പരിശീലനത്തിനുവേണ്ടിയുള്ള ഒരു ധാരണാ പത്രം ഒപ്പു വച്ചിട്ടുണ്ട്. ഇതിൽ സാമ്പത്തിക ബാധ്യത ഉൾപ്പെട്ടിട്ടില്ല.

(സി & ഡി) ധാരണാ പത്രത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു. †

വർക്കലയിൽ സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി

34 (2909) ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാപനാശം, ശിവഗിരി എന്നീ തീർത്ഥാടന സ്ഥലങ്ങൾ സ്ഥിതിചെയ്യുന്ന വർക്കല ഒരു ടൂറിസ്റ്റ് കേന്ദ്രം കൂടി ആണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വർക്കല ഒരു സാംസ്കാരിക കേന്ദ്രമായി മാറ്റണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ ;

(സി) വർക്കലയുടെയും ശിവഗിരിയുടെയും പ്രാധാന്യം കണക്കിലെടുത്ത് ഒരു സാംസ്ക്കാരിക കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

† അനുബന്ധം III, IV

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) നിർദ്ദേശമൊന്നും പരിഗണനയിലില്ല.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങൾ

35 (2910) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ എത്ര സബ് എഡിറ്റർ ഗ്രേഡ്-2 തസ്തികകൾ ഒഴിവുണ്ട് ; ഈ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നത് എപ്രകാരമാണ് ;

(ബി) ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഒ. പി. നമ്പർ 30746/1999 റ്റിയിൽ ബഹു: ഹൈക്കോടതിയുടെ ഉത്തരവ് എന്തായിരുന്നു ; പ്രസ്തുത ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) 19-3-1996-ലെ 1023/എ1/88 സി. എൽ. ഉത്തരവ് പ്രകാരം ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ എഡിറ്റോറിയൽ അസിസ്റ്റന്റ് നിയമനം നടത്തിയത് ഏത് റാങ്ക് ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് ; പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ സബ് എഡിറ്റർ തസ്തികയിൽ ഒരു ഒഴിവുണ്ട് എന്ന് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിൽ നിന്നും കഴിവിന്റെയും മെരിറ്റിന്റെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ കമ്മിറ്റിയും ഭരണസമിതിയുമാണ് സബ് എഡിറ്റർ തസ്തികയിൽ നിയമനം നടത്തുന്നത്.

(ബി) ഇൻസ്റ്റിറ്റ്യൂട്ടിലെ എഡിറ്റോറിയൽ അസിസ്റ്റന്റ് തസ്തികയിലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. പ്രൊവിഷണൽ സീനിയോറിറ്റി ലിസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിലെ പ്രൊമോഷൻ കമ്മിറ്റിയുടെ പരിഗണനയിലാണ്.

(സി) സബ്-എഡിറ്റർ ഗ്രേഡ്-2 തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇൻസ്റ്റിറ്റ്യൂട്ടിലെ രണ്ട് എഡിറ്റോറിയൽ അസിസ്റ്റന്റുമാർ നൽകിയ അപേക്ഷയിന്മേൽ ഒ. പി. നം. 30747/1999-1-ലെ ജഡ്ജ്മെന്റ് കിട്ടി മൂന്നു മാസത്തിനകം തീരുമാനമെടുത്ത് കോടതിയെ

LIBRARY ARCHIVES Kerala Legislative Assembly